**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379** **09-08-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ മലയാള ഭാഷാ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ പത്താംതരം വരെ മലയാള ഭാഷ പഠിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | 02/06/2018-ലെ സ.ഉ(അച്ചടി) നമ്പർ 14/18/ പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഒന്നു മുതൽ പത്ത് വരെ ക്ലാസുകളിൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കണമെന്ന് നിഷ്‌ക്കർഷിച്ചുകൊണ്ടുള്ള മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള സി.ബി.എസ്.ഇ. സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | 02/06/2018-ലെ സ.ഉ(അച്ചടി) നമ്പർ 14/18/ പൊ.വി.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്കൂൾതല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയങ്ങളിലെ അക്കാദമിക നിർവ്വഹണത്തിൽ ഇടപെടുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിലും സംസ്ഥാന സർക്കാരിന് പരിമിതികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ